# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സ്പെഷ്യൽ യു. പി. എസ്

## കിളിമാനൂർ

കിളിമാനൂർ ഉപജില്ല

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല

തിരുവനന്തപുരം

## ആമുഖം

ഒരു രാജ്യത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമായ ഘടകം സത്ഗുണ സമ്പന്നരായ വിദ്യാർത്ഥികളാണ്. വിദ്യാർത്ഥികളെ നല്ല പൗരന്മാരായി വാർത്തെടുക്കേണ്ടത് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെയാണ്. ഈ വിദ്യാഭ്യാസം കരസ്ഥമാക്കാൻ നമ്മുടെ സ്കൂളുകളും ലോകോത്തര നിലവാരത്തിലേക്ക് അറിയേണ്ടത് അനിവാര്യമാണ്. കുട്ടികളുടെ വിവിധ തലങ്ങളൊക്കെ അനുസരിച്ച് പ്രത്യേക പരിഗണന നൽകി ഓരോ കുട്ടിക്കും ഉതകുന്ന തരത്തിൽ പാഠാസൂത്രണം നടത്തുക എന്നത് അത്യാവശ്യമാണ്. നമ്മുടെ കുട്ടിക്ക് കോവിഡ് കാലത്ത് ഉണ്ടായ പഠന വിടവ് മനസ്സിലാക്കി പഠനരീതികൾ, കഴിവുകൾ എന്നിവ തിരിച്ചറിഞ്ഞ് അവരെ ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആണ് ഇത്.

## കൊട്ടാരം സ്കൂൾ

പഴമയുടെ പ്രൗഢിയിലേക്ക് ഒരു എത്തിനോട്ടം ലോക പ്രശസ്തി ആർജ്ജിച്ച കിളിമാനൂർ കൊട്ടാരത്തിന്റെ ചരിത്രവും കിളിമാനൂർ കൊട്ടാരം സ്കൂളിന്റെ ചരിത്രവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കൊട്ടാരം അംഗങ്ങൾക്ക് പുറത്തുപോയി വിദ്യാഭ്യാസം നടത്താൻ അനുമതി ഇല്ലായിരുന്ന ആ കാലത്ത് അവർക്ക് മാത്രമായി കൊട്ടാരത്തിനകത്ത് ഒരു മുറിയിൽ ആശാൻ പള്ളിക്കൂടം എന്ന രീതിയിൽ വിദ്യാഭ്യാസം നടന്നുവന്നിരുന്നു. ആദ്യകാലത്ത് അയ്യാഴി ആശാൻ നമ്പൂതിരിപ്പാട് കൊട്ടാരം അംഗങ്ങളെ പഠിപ്പിച്ചിരുന്നു.തുടർന്ന് ശ്രീ രാജാരവിവർമ്മയുടെ സെക്രട്ടറിയും പണ്ഡിതനുമായ മാധവ വാര്യർ കൊട്ടാരം അംഗങ്ങളെ സംസ്കൃതം, സംഗീതം, ഉപകരണസംഗീതം, ജ്യോതിഷം എന്നിവ അഭ്യസിപ്പിച്ചിരുന്നു.

1894 ൽ ആശാൻ പള്ളിക്കൂടം സ്പെഷ്യൽ സ്കൂളായി കൊട്ടാരം നടയിൽ ആരംഭിച്ചു. ബ്രാഹ്മണർ, നായർ എന്നീ വിഭാഗക്കാർക്ക് കൂടി പഠിക്കാൻ സൗകര്യം നൽകി. 4-ആം ക്ലാസ് വരെ മാത്രമേ അദ്ധ്യയനം ഉണ്ടായിരുന്നുള്ളൂ. മാവേലിക്കര ബോർഡിംഗ് സ്കൂളും അട്ടക്കുളങ്ങര സ്കൂളും ആയിരുന്നു ഉപരിപഠനത്തിന് ഉണ്ടായിരുന്നത്. കൊട്ടാരം വക അട്ടക്കുളങ്ങര സ്കൂളിൽ ഉള്ളൂർ എസ് പരമേശ്വര അയ്യർ അദ്ധ്യാപകനായിരുന്നു. കിളിമാനൂർ സ്പെഷ്യൽ യു.പി.എസ്സിലെ ആദ്യത്തെ പ്രധാന

അധ്യാപകൻ ശ്രീ അയ്യപ്പൻ പിള്ള ആയിരുന്നു. പനമ്പിള്ളി സ്കീം അനുസരിച്ച് സ്പെഷ്യൽ യു.പി.എസ് ഗവ. എയ്ഡഡ് ആക്കി. 1-1-1956 ൽ കൊട്ടാരം സ്കൂൾ ഇന്ന് സ്ഥിതി ചെയ്യുന്ന കൊട്ടാരം ഓഫീസ് കെട്ടിടത്തിലേക്ക് മാറ്റി. സ്കൂളിന്റെ പേര് സ്പെഷ്യൽ എൽ.പി.എസ് എന്നായി 1956 ൽ upgrade ചെയ്ത് സ്പെഷ്യൽ യു.പി സ്കൂളായി. ശ്രീ. ഉണ്ണിസാർ ആയിരുന്നു അന്ന് സ്കൂളിലെ പ്രഥമാദ്ധ്യാപകൻ. സ്കൂളിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുന്നത് അതത് കാലത്തെ സീനിയർ മെയിൽ മെമ്പറായ വലിയതമ്പുരാൻ നിയമിക്കുന്ന ഒരാളായിരിക്കും. കിളിമാനൂർ കൊട്ടാരം പോലെ തന്നെ കിളിമാനൂർ കൊട്ടാരം സ്കൂളും കിളിമാനൂരിന്റെ തന്നെ വിദ്യാഭ്യാസ-കല-സാംസ്കാരിക കേന്ദ്രമായി ഉയർന്നുവന്നു. കുട്ടികൾ ജാതിമത ഭേദമന്യേ അദ്ധ്യയനം നടത്താൻ തുടങ്ങി. അദ്ധ്യാപകർ ഏറിയപങ്കും സമീപപ്രദേശത്തുള്ളവരായിരുന്നു. സ്കൂൾ, പ്രദേശത്തിന്റെ തന്നെ വിദ്യാഭ്യാസ - കലാ - കായിക - സാംസ്കാരിക കേന്ദ്രവുമായിരുന്നു.

ഈ പ്രദേശത്തുള്ള ഏകദേശം 10 കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ കുട്ടികളേയും സമൂഹത്തിന്റെ ഉന്നത സ്ഥാനങ്ങളിൽ എത്തിക്കുവാൻ ഇവിടത്തെ അദ്ധ്യാപകർക്ക് കഴിഞ്ഞു. ഏകദേശം 100 വർഷക്കാലം സ്കൂളിന്റെ സുവർണകാലമായിരുന്നു. ആ കാലഘട്ടത്തിൽ കൊട്ടാരം സ്കൂളിനോട് കിടപിടിക്കാൻ മറ്റൊരു സ്കൂളും ഉണ്ടായിരുന്നില്ല. സമീപകാലത്തുണ്ടായ മങ്ങലിനെ മറികടന്ന് പഴയകാലം എത്തിപ്പിടിക്കുവാൻ ആണ് ഇവിടത്തെ അധ്യാപകരും, പി.ടി.എ യും സമൂഹവും ശ്രമിക്കുന്നത്.

പേരും പെരുമയും ഉള്ള ഒരു ഭൂതകാലമുള്ള ഈ വിദ്യാലയത്തിലെ നിലവിലെ സ്ഥിതി ചില പരിമിതികൾ മൂലം പരിതാപകരമാണ്. കുട്ടികളുടെ എണ്ണക്കുറവ് ഞങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ ഒരു വെല്ലുവിളിയാണ്. ആധുനിക സമൂഹം ആഗ്രഹിക്കുന്ന തരത്തിലുള്ള ഭൗതിക സാഹചര്യത്തിന്റെ കുറവ് അതിനുള്ള ഒരു കാരണവുമാണ്. എന്നാൽ അക്കാദമിക് പ്രവർത്തനങ്ങളിൽ മികവ് കാട്ടുന്നുണ്ട്.

# പൊതുലക്ഷ്യങ്ങൾ

- വിദ്യാഭ്യാസ രംഗത്ത് തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ.
- അക്കാദമിക് ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടി എന്ന് ഉറപ്പാക്കൽ.
- സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടിയിലൂടെ ജനാധിപത്യമൂല്യങ്ങൾ, പാരിസ്ഥിതികാവബോധം എന്നിവ ഉളവായിട്ടുണ്ടെന്ന് ഉറപ്പാക്കൽ.
- കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- മനുഷ്യാവകാശങ്ങളും ബാലാവകാശങ്ങളും പാലിക്കുന്നു എന്ന് ഉറപ്പാക്കൽ.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയുമായ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് വിവിധതലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- പരസ്പരാശ്രയത്വം, സൗഹൃദം എന്നിവ വളരാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
- ജീവിതമൂല്യങ്ങൾ ഊട്ടിയുറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.

# നിലവിലുള്ള അവസ്ഥ

## ഭൗതികം-നേട്ടങ്ങൾ

ദേശീയപാതയിൽ നിന്ന് 15 കി. മീ.യും എം. സി. റോഡിൽ നിന്നും 3. കി. മീ.യും അകലെ കിളിമാനൂർ-ആറ്റിങ്ങൽ റോഡിൽ നിന്ന് അരകിലോമീറ്റർ ഉള്ളിലായി ലോകപ്രശസ്ത ചിത്രകാരൻ രാജാരവിവർമ്മയുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ കിളിമാനൂർ കൊട്ടാരത്തിന് സമീപമാണ് കിളിമാനൂർ സ്പെഷ്യൽ യു. പി. എസ്. അഥവാ കൊട്ടാരം സ്കൂൾ സ്ഥിതി ചെയ്യുന്നത്. വളരെ ശാന്തമായ സ്കൂൾ അന്തരീക്ഷമാണ് ഇവിടെയുള്ളത്. ചുറ്റുമതിലും സുരക്ഷിതമായ ഗേറ്റുകളുമുള്ള അടച്ചുറപ്പുള്ളൊരു വിദ്യാലയമാണ് നമ്മുടേത്. കൊട്ടാരം സ്കൂളിന്റെ പഴമയും പാരമ്പര്യവും വിളിച്ചോതുന്ന തരത്തിലുള്ളൊരു വലിയ ഹാൾ നമുക്കുണ്ട്. ആ ഹാളിന്റെ തന്നെയൊരു ഭാഗമാണ് ഇപ്പോൾ സ്മാർട്ട് റൂമായി വിഭജിച്ചിരിക്കുന്നത്. പി. ടി. എ. യുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹായത്തോടെയാണ് ഇത് നിർമ്മിച്ചത്.

## പരിമിതികൾ

ആവശ്യത്തിന് ക്ലാസ് മുറികൾ ഉണ്ടെങ്കിലും ധാരാളം പരിമിതികൾ നിലനിൽക്കുന്നു. നവീനരീതിയിലുള്ള ക്ലാസ് മുറികൾ, ശാസ്ത്രീയമായ മാലിന്യ സംസ്കരണം തുടങ്ങി പല കാര്യങ്ങളിലും നമ്മൾ ഇനിയും എത്തിപ്പെടേണ്ടതുണ്ട്. മനോഹരമായൊരു പ്രീപ്രൈമറി കെട്ടിടം, പ്രീപ്രൈമറി ക്ലാസ്സുകളിലേക്കുവേണ്ട പഠനോപകരണങ്ങളും കളിക്കോപ്പുകളുമൊക്കെ വരും വർഷങ്ങളിൽ വരേണ്ടതുണ്ട്.

എല്ലാ കുട്ടികളേയും പ്രായത്തിനനുസരിച്ച് ആർജ്ജിക്കേണ്ട എല്ലാ ശേഷികളും എത്തിക്കാൻ കഴിയുന്നില്ല. ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്ന കാര്യത്തിൽ കൂടുതൽപേരും പിന്നിലാണ്. സ്ഥലപരിമിതിമൂലം ലാബ്, ലൈബ്രറി എന്നിവ വിപുലമായി സജ്ജീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## അക്കാദമീയം

മികവുകൾ : മലയാളത്തിളക്കം വന്നതോടെ എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും അറിയാം. എൽ. എസ്. എസ്, യു. എസ്. എസ്. പരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപതരാക്കുന്നു. സബ്ജില്ലാതല ക്വിസ് മത്സരങ്ങളിൽ മികവ് മികവ് പുലർത്താറുണ്ട്. സുഗമ ഹിന്ദി പരീക്ഷയിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും എ ഗ്രേഡ് കരസ്ഥമാക്കാൻ കഴിഞ്ഞു. സംസ്കൃത സ്കോളർഷിപ്പുകളും ഇവിടത്തെ കുട്ടികൾ നേടാറുണ്ട്. സ്കൂൾ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മാസംതോറും ഒരു പത്രം തയ്യാറാക്കാറുണ്ട്. അസംബ്ലിയിൽ ജനറൽ നോളജ് ചോദ്യങ്ങൾ ചോദിക്കുകയും അത് ചേർത്ത് ക്വിസ് മത്സരങ്ങളും നടത്താറുണ്ട്. ദിനാചരണങ്ങളോടനുബന്ധിച്ച് പതിപ്പുകൾ, ശേഖരണങ്ങൾ എന്നിവ കൃത്യമായി നടന്നുവരുന്നു. ക്ലാസ്റൂം ലൈബ്രറികൾ ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാലസഭ, സർഗ്ഗവേദി, പ്രത്യേക ക്ലാസ്സുകൾ, കുട്ടി പാർലമെന്റ് രൂപീകരിക്കൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുകയും ചെയ്യുന്നു.

# ഞങ്ങൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ

## അക്കാദമികം

ഭാഷാശേഷി വികസിപ്പിക്കൽ, സാഹിത്യ പരിപാടികൾ, രചനാ ശിൽപ്പശാലകൾ, ഭാഷാ ലാബ്, സ്കൂൾ പത്രം, ബാലസഭ, ദിനാഘോഷം, ഇംഗ്ലീഷ് പഠന പരിപോഷണം, ഇംഗ്ലീഷ് അസംബ്ലി, ഗണിതശേഷി വികസനം, ഗണിത മാഗസിൻ, പഠനോപകരണങ്ങൾ നിർമ്മിക്കൽ, ഗണിത ലാബ്, ലൈബ്രറി ശാക്തീകരണം, ലബോറട്ടറി നവീകരിക്കൽ, ജൈവവൈവിധ്യ പാർക്ക്, പഠനയാത്ര, സെമിനാറുകൾ, കലാകായിക പരിശീലനം, പ്രവൃത്തിപരിചയ പരിശീലനം, ശാസ്ത്രീയ അഭിരുചി വളർത്തൽ, മെഡിക്കൽ ക്യാമ്പ്, പോഷകാഹാര പരിപാടി, ഒറിഗാമി ശിൽപ്പശാല, ഗവേഷണാത്മക പ്രവർത്തനം, സാമൂഹികാവബോധം, മാനുഷിക മൂല്യങ്ങൾ വളർത്തൽ, എന്റെ ക്വിസ് പുസ്തകം, വളരുന്ന ലോകം, ഇന്ത്യ-കേരള വാർത്തകൾ സ്വീകരിക്കൽ, വാർത്താ ബോർഡ്, പ്രാദേശിക ചരിത്രം തയ്യാറാക്കൽ, ദിനാഘോഷം, ശാസ്ത്ര മാഗസിൻ, നിത്യജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്രതത്വങ്ങൾ കണ്ടെത്തൽ, കിളിമാനൂർ കൊട്ടാരം ചരിത്രം കണ്ടെത്തൽ, ഒരു കുട്ടിക്ക് ഒരു പച്ചക്കറി പദ്ധതി, ഔഷധ തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ സജ്ജമാക്കൽ.

## ഭൗതികം

കൂടുതൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ലാബ്, ജൈവകൃഷി, മാലിന്യ സംസ്കരണം, ചുവർ ചിത്രം വരയ്ക്കൽ, മെച്ചപ്പെട്ട പ്രീ പ്രൈമറി ക്ലാസ്, ജൈവവൈവിധ്യ പാർക്ക്, മനോഹരമായ ക്ലാസ് മുറികൾ

## സാമൂഹികം

പി.ടി.എ ശക്തിപ്പെടുത്തൽ, വിദ്യാലയ വികസന സമിതി പൂർവ്വവിദ്യാർത്ഥി സംഘടന, എസ്.എസ്.ജി. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വാധ്യാപകർ എന്നിവരുടെ സേവനം ഉറപ്പാക്കൽ, ക്ലാസ് പി.ടി.എ, വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ, ഭവന സന്ദർശനം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 26

# മലയാളം

## മലയാളം

## മേഖല: അക്കാദമികം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പദനിർമാണം (LP, UP)<br><br>അക്ഷരക്കാർഡുകൾ ചാർട്ട് പേപ്പറുകൾ വെട്ടി തയ്യാറാക്കുകയും അതിൽ നിന്ന് അക്ഷരങ്ങൾ അടുക്കി അനുയോജ്യമായ ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ നിർമിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനം ഓരോ പാഠഭാഗവും കടന്നു പോകുമ്പോൾ ആവർത്തിച്ചു കൊണ്ടേയിരിക്കുന്നു | • എഴുത്തിലും വായനയിലും പൂർണത വരുത്തുക<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• ഭാഷാ പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ | വർഷം മുഴുവൻ | മലയാള അധ്യാപകർ | സ്കൂൾ ഗ്രാന്റ് |
| • വാക്യനിർമാണം<br><br>അക്ഷരക്കാർഡുകൾ നിർമ്മിച്ച പോലെ പദക്കാർഡുകൾ നിർമ്മിക്കുന്നു. പദങ്ങളെ അടുക്കി ആശയപൂർണമായ വാക്യങ്ങൾ നിർമ്മിക്കുന്നു. | • വാക്യ ഘടന മനസിലാക്കൽ<br>• വാക്യങ്ങൾ തെറ്റില്ലാതെ എഴുതാനും വായിക്കാനും പഠിക്കുന്നു | വർഷം മുഴുവൻ | SRG, PTA | സ്കൂൾ ഗ്രാന്റ് |
| • സാഹിത്യ പഠനം<br><br>വിവിധ സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സാഹിത്യ സംവാദങ്ങളും സാഹിത്യകാരൻമാരുമായി അഭിമുഖങ്ങളും സംഘടിപ്പിക്കുന്നു. സാഹിത്യകൃതികളുടെ രംഗാവിഷ്കാരം നടത്തുന്നു | സാഹിത്യാഭിരുചി വർദ്ധിപ്പിക്കൽ | ഒരു ടേമിൽ ഒന്ന് | SRG, PTA | സ്റ്റാഫ് കൗൺസിൽ |

8

| | | | | |
|---|---|---|---|---|
| • മലയാളത്തിളക്കം തുടർ പ്രവർത്തനങ്ങൾ നടക്കുന്നു. | മലയാളം അക്ഷര തെറ്റുകൾ ഒഴിവാക്കൽ | | | |
| • പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ ഭാഷാ വ്യവഹാരങ്ങൾ രൂപീകരിക്കൽ, അവതരിപ്പിക്കൽ (ബാലസഭ) | സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കൽ. പങ്കാളിത്തം ഉറപ്പാക്കൽ. ഭാഷ കൈകാര്യ ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കൽ. കഥ, നാടകം, കഥാപ്രസംഗം, കവിത, തുടർക്കഥ എഴുതൽ സംഭാഷണങ്ങൾ | 1 വർഷം | ഭാഷാ അധ്യാപിക | |
| • ക്ലാസ് ലൈബ്രറിയുടെ നവീകരണം.<br>എല്ലാ ക്ലാസ്സിലും അധ്യാപകരുടെ നേതൃത്വത്തിൽ വായനാ വാരാചരണത്തോട് അനുബന്ധിച്ച് ക്ലാസ് ലൈബ്രറി മെച്ചപ്പെ-ടുത്തുന്നു.<br>• പിറന്നാൾ പുസ്തകം | പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനും ലൈബ്രറി ക്രമീകരിക്കുന്നതിനും ഉള്ള പരിശീലനം. | ജൂൺ മാസം | ക്ലാസ് ടീച്ചർ | പി.ടി.എ |
| • സമീപ ഗ്രന്ഥശാല അംഗത്വം (എൽ. പി, യു. പി) | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക. | | ഭാഷാ അധ്യാപിക, എച്ച്. എം, പി.ടി.എ, എസ്ആർജി | |
| • ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ. | ഭാഷയിൽ അവബോധം സൃഷ്ടിക്കുക. | 1 വർഷം | ഭാഷാ അധ്യാപിക | |
| • e- വായന | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക. | 1 വർഷം | ഭാഷാ അധ്യാപിക, എസ്ആർജി | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 26

# ഇംഗ്ലീഷ്

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അസംബ്ലി ഇംഗ്ലീഷ് ആഴ്ചയിൽ ഓരോ ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു | ഇംഗ്ലീഷ് ഒഴുക്കോടെ സംസാരിക്കുന്നതിനും സഭാകമ്പം ഒഴിവാക്കുന്നതിനും | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപിക | |
| • കൊറിയോഗ്രാഫികൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൊറിയോഗ്രാഫികൾ തയ്യാറാക്കുന്നു. സ്റ്റേജിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുകയും സമ്മാനം നൽകുകയും ചെയ്യുന്നു | ഇംഗ്ലീഷ് ഒഴുക്കോടെ സംസാരിക്കുന്നതിനും സഭാകമ്പം ഒഴിവാക്കുന്നതിനും | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപിക, SRG | സ്കൂൾ ഗ്രാൻഡ് |
| • അമ്മ വായന അമ്മവായനയിൽ മലയാളത്തോടൊപ്പം ഇംഗ്ലീഷ് പുസ്തകവും നൽകുന്നു | | ആറുമാസം | ഇംഗ്ലീഷ് അധ്യാപിക | സ്കൂൾ ഗ്രാൻഡ് |
| • ഇംഗ്ലീഷ് ഫെസ്റ്റ് കുട്ടികളെ ഇംഗ്ലീഷ് സാഹിത്യ രചനാ മത്സരങ്ങളും സ്റ്റേജ് പരിപാടികളും സംഘടിപ്പിക്കുന്നു | ഇംഗ്ലീഷ് ഭാഷാ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് | വർഷത്തിൽ ഒരു തവണ | സ്റ്റാഫ് പിടിഎ | പഞ്ചായത്ത് പിടിഎ |

| | | | | |
|---|---|---|---|---|
| • Good writer | കുട്ടികൾക്ക് ഇംഗ്ലീഷ് മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാവീണ്യം നേടുക. | 6 മാസം | ഇംഗ്ലീഷ് ടീച്ചർ | 13 PC, DIET, ലൈബ്രറി |
| • Ready reader | കുട്ടികൾക്ക് അനായാസം ഇംഗ്ലീഷ് വായിക്കുന്ന-തിനുള്ള ശേഷി നേടുക. | 6 മാസം | ഇംഗ്ലീഷ് ടീച്ചർ | BRC, DIET, ലൈബ്രറി, SCERT, PTA |
| • ഇംഗ്ലീഷ് പഠന പോഷണ പരിപാടി. | കുട്ടികൾക്ക് ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുന്നതിന്. | വർഷം മുഴുവൻ | ഗസ്റ്റ് അധ്യാപിക | സ്കൂൾ ടീച്ചർ |
| • Change the unit in to various discover. | കുട്ടികൾക്ക് ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുന്നതിന്. | വർഷം മുഴുവൻ | ഇംഗ്ലീഷ് ടീച്ചർ | |
| | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 26
# ഹിന്ദി
(യു. പി. വിഭാഗം)

## 1. ഹിന്ദി വായന

ലക്ഷ്യം:- U P തലത്തിൽ മുഴുവൻ കുട്ടികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കുവാൻ കഴിയണം

പ്രവർത്തനങ്ങൾ:-

1. ഹിന്ദി ബാലമാസികകൾ ലഭ്യമാക്കും
2. വായനാ കാർഡുകൾ ലഭ്യമാക്കും
3. അക്ഷരങ്ങൾ, ആഴ്ച, മാസം, അക്കങ്ങൾ തുടങ്ങിയവ വായനക്കാർഡ് രൂപത്തിൽ പ്രദർശിപ്പിക്കും

## 2. ഹിന്ദി എഴുത്ത്

ലക്ഷ്യം:- മുഴുവൻ കുട്ടികളും തെറ്റില്ലാതെ ഹിന്ദി വാക്യങ്ങൾ എഴുതുവാൻ പ്രാപ്തരാകണം

പ്രവർത്തനങ്ങൾ:-

1. അഞ്ചാം ക്ലാസിലെ കുട്ടികൾക്കും 6,7 ക്ലാസ്സുകളിലെ എഴുത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും അക്ഷര കാർഡ് നൽകുന്നു
2. കുട്ടികളുടെ മികച്ച വായന കാർഡുകൾ ക്ലാസ്സിൽ പ്രവേശിപ്പിക്കുക വഴി അവരെ എഴുത്തിലേക്ക് ആകർഷിക്കും
3. അപ്രകാരം ലഭിക്കുന്ന വേദനകളെ ഹിന്ദിയുമായി ബന്ധപ്പെട്ടുവരുന്ന ആഘോഷങ്ങളിൽ പ്രദർശിപ്പിക്കും

## 3. ഹിന്ദി ആസ്വാദനം:-

1. സുരിലി ഹിന്ദി പാഠഭാഗങ്ങൾ എന്നിവയെ സ്കിറ്റ്, കോറിയോഗ്രാഫി, ചിത്രങ്ങൾ തുടങ്ങിയ രൂപത്തിലാക്കി അവതരിപ്പിക്കും.
2. ഹിന്ദിയെ അടുത്ത് അറിയുന്നതിനായി ഹിന്ദി മത്സരങ്ങൾ, ദിനാചരണങ്ങൾ എന്നിവയിൽ പങ്കെടുപ്പിക്കും
3. ബാല ഗീതങ്ങൾ കവിതാശകലങ്ങൾ എന്നിവയുടെ അവതരണത്തോടെ ക്ലാസുകൾ ആരംഭിക്കും
4. കുട്ടികളെ ഹിന്ദിയിലേക്ക് ആകർഷിക്കുന്നതിനായി ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ ഉപയോഗിക്കും
5. ഹിന്ദി അസംബ്ലി നടത്തും
6. ഹിന്ദി അധ്യാപക ഗ്രൂപ്പുകൾ നടത്തുന്ന മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കും

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 26
# സംസ്കൃതം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** 13 **(UP & LP)** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025 – 26

# ഗണിതം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സ്കൂളിന് ഒരു ബാങ്ക് യു. പി) | പണമിടപാടുകൾ കൃത്യതയോടെ നടത്തുക. സമ്പാദ്യശീലം. | വർഷം മുഴുവൻ | ഗണിത അധ്യാപിക H. M, PTA | |
| • ഗണിതലാബ് വിപുലീകരണം | ഗണിതത്തിൽ താൽപ്പര്യം ജനിപ്പിക്കുക. ചതുഷ്ക്രിയകളുടെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക. | ഫസ്റ്റ് ടേം | ഗണിത അധ്യാപിക | സ്കൂൾ ഗ്രാന്റ്, പഞ്ചായത്ത് ഫണ്ട് |
| • സ്ഥാന വില, പോക്കറ്റ് നിർമ്മാണം | സംഖ്യാബോധം ഉറപ്പിക്കൽ | ആദ്യത്തെ രണ്ട് ടേം | ഗണിത അധ്യാപിക | സ്കൂൾ ഗ്രാന്റ് |
| • മാന്ത്രിക ചതുരങ്ങളുടെ നിർമ്മാണം | ഗണിതാസ്വാദനം | വർഷം മുഴുവൻ | ഗണിത അധ്യാപിക | TLM Grand, PTA |
| • ഗണിത പ്രശ്നോത്തരി (എൽ. പി, യു. പി) | ഗണിതത്തിൽ കൂടുതൽ താൽപ്പര്യം വളർത്തുക | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപിക. ഗണിത ക്ലബ്ബ് | പഞ്ചായത്ത് PTA |
| • ഗണിതോത്സവം | ഗണിതത്തിൽ താൽപ്പര്യം വളർത്തുക | വർഷത്തിൽ ഒന്ന് | ഗണിത അധ്യാപിക | പഞ്ചായത്ത് PTA |

| | | | | |
|---|---|---|---|---|
| • പഠനോപകരണ നിർമ്മാണം. | ഗണിത പഠനത്തിൽ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന്/ തൽപ്പര്യം വളർത്തുന്നതിന്. | 1 വർഷം | ഗണിത അധ്യാപിക, ഗണിത ക്ലബ്ബ് | PTA |
| • ക്ലാസ് തല ഗണിത മാഗസിൻ. | ഗണിത പഠനത്തിൽ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന്. | 1 വർഷം | ഗണിത അധ്യാപിക, ഗണിത ക്ലബ്ബ് | PTA |
| • ഒറിഗാമി | ഗണിത പഠനത്തിൽ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുക. | 1 വർഷം | ഗണിത അധ്യാപിക | ഗണിത ക്ലബ്ബ് |
| • പഠന പിന്നോക്കക്കാർക്ക് വേണ്ടിയുള്ള അധിക പ്രവർത്തനങ്ങൾ, ഗണിത മേളകൾ സംഘടിപ്പിക്കൽ. | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കൽ | 1 വർഷം | ഗണിത അധ്യാപിക | |
| • ഗണിത നടത്തം | ചുറ്റുപാടുമുള്ള ഗണിത രൂപങ്ങൾ തിരിച്ചറിയുന്നതിന് | 1 വർഷം | ഗണിത അധ്യാപിക | |
| | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025 – 26
# സയൻസ്

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പ-ത്തികം |
|---|---|---|---|---|
| • പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കൽ (എൽ. പി, യു. പി) | പരിസ്ഥിതി സംരക്ഷണം | വർഷം മുഴുവൻ | സയൻസ് ക്ലബ്ബ് | |
| • പഴമയിലേക്ക് (യു. പി) നാടൻഭക്ഷണമേള | ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കൽ | ഒരു മാസം | | |
| • നൂതന ആശയമേള. (യു. പി) | വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി, ശാസ്ത്രശേഷികൾ എന്നിവ വളർത്തിയെടുക്കൽ | | ശാസ്ത്ര ക്ലബ്ബ്, എസ്. ആർ. ജി, ശാസ്ത്ര അധ്യാപകർ | ശാസ്ത്ര ക്ലബ്ബ് |
| • ശാസ്ത്ര സംവാദമേള | വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തുക | | ശാസ്ത്ര ക്ലബ്ബ് | PTA |
| • ശാസ്ത്ര ക്യാമ്പ് | ശാസ്ത്രപഠനം രസകരമാക്കുക/ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുക | | ശാസ്ത്ര ക്ലബ്ബ് | PTA, SRG, HM |
| • പ്രോജക്ട് മത്സരം (യു. പി) | കുട്ടികളിൽ ഗവേഷണ മനോഭാവവും താൽപ്പര്യവും വളർത്തുക. | | ശാസ്ത്ര അധ്യാപകൻ, ശാസ്ത്ര ക്ലബ്ബ് | PTA |
| • നാട്ടുപച്ച (എൽ. പി) | അന്യംനിന്നുപോകുന്ന ഔഷധസസ്യങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കുക. | ഒക്ടോബർ | ശാസ്ത്ര ക്ലബ്ബ്, ശാസ്ത്ര അധ്യാപിക | PTA, SRG |

| | | | | |
|---|---|---|---|---|
| • പേപ്പർ ബാഗ് നിർമ്മാണം (യു. പി) | പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക. | ജനുവരി | ശാസ്ത്ര ക്ലബ്ബ്, ശാസ്ത്ര അധ്യാപിക | PTA, Staff |
| • പച്ചക്കറിത്തോട്ടം | വിഷരഹിതമായ പച്ചക്കറികൾ സ്വയം ഉൽപ്പാദിപ്പിക്കുന്ന-തിന്റെ പ്രാധാന്യം തിരിച്ചറിയൽ. | ആഗസ്റ്റ് | ശാസ്ത്ര ക്ലബ്ബ്, അധ്യാപകർ | |
| • പൂന്തോട്ട നിർമ്മാണം. | സ്കൂൾ പരിസരം മനോഹരമാക്കൽ, പ്രകൃതിയുമായും ജീവികളുമായും ഇഴുകിച്ചേരൽ. | ജൂൺ | | |
| • സസ്യങ്ങളെ തിരിച്ചറിയൽ, പേര് നൽകൽ. | നമുക്ക് ചുറ്റുമുള്ള സസ്യജാലങ്ങളെ പരിചയപ്പെടൽ. | ആഗസ്റ്റ് | | |
| • ലഘു പരീക്ഷണങ്ങൾ ഫീൽഡ് ട്രിപ്പ് | ശാസ്ത്രാഭിമുഖ്യം വളർത്തൽ | 1 വർഷം | | |
| | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 26

# സാമൂഹികശാസ്ത്രം

(യു. പി. വിഭാഗം)

ലക്ഷ്യങ്ങൾ:-

- ജനാധിപത്യബോധവും മതേതരത്വ കാഴ്ചപ്പാടും രൂപപ്പെടുത്തുക
- ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക
- ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിനെ പ്രാധാന്യം തിരിച്ചറിയുക
- പ്രാദേശിക ചരിത്രത്തിലുള്ള ധാരണ
- പ്രകൃതി വിഭവ സംരക്ഷണം, പരിസരശുചിത്വം
- ഭൂപട വായനയ്ക്കുള്ള ശേഷി
- അറ്റ്ലസ് നിർമ്മാണ ശേഷി
- പ്രാദേശിക ഭൂപടം രചനയ്ക്കുള്ള ശേഷി ദിക്കുകൾ തിരിച്ചറിയുക
- പുരാവസ്തുക്കൾ ശേഖരിക്കൽ
- കേരളത്തിന്റെ ഭൂപ്രകൃതി വിഭവങ്ങൾ നേരിട്ട് കണ്ട് തിരിച്ചറിയുക

| ക്രമനമ്പർ | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം | പിന്തുണ / ഭൗതികം |
|---|---|---|---|---|---|
| 1. | ജനാധിപത്യം മതേതരത്വം | • സ്കൂൾ പാർലമെന്റ് ലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്<br>• ജനാധിപത്യം ഒരു ജീവിത ക്രമം( ചർച്ച)<br>• മതേതര കാഴ്ചപ്പാട് (സംവാദം, പ്രസംഗം, വീഡിയോ പ്രദർശനം ) | ജനാധിപത്യ ബോധവും മതേതര കാഴ്ചപ്പാടും രൂപപ്പെടുത്തുക | 20 മണിക്കൂർ | തെരഞ്ഞെടുപ്പ് സാമഗ്രികൾ ബിആർസി വിഷയ വിദഗ്ദ്ധർ |

| | | | | | |
|---|---|---|---|---|---|
| 2. | ഭരണഘടനാ മൂല്യങ്ങൾ | • ഭരണഘടനയുടെ പ്രാധാന്യം( ചർച്ച )<br>• ഭരണഘടനാ നിർമ്മാണ വ്യവസ്ഥയിലെ വിവിധ ഘടകങ്ങൾ (വീഡിയോ പ്രദർശനം )<br>• ഭരണഘടന ഉറപ്പുനൽകുന്ന കുട്ടികളുടെ അവകാശങ്ങൾ (സംവാദം )<br>• കുറിപ്പ് തയ്യാറാക്കൽ | ഭരണഘടന ഉറപ്പുനൽകുന്ന മൂല്യങ്ങളും ലക്ഷ്യങ്ങളും ഉയർത്തിപ്പിടിക്കുക | | ചാർട്ട്, സ്മാർട്ട് ക്ലാസ് റൂം |
| 3. | പ്രാദേശിക ചരിത്രം | • ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ ( പ്രാദേശികം ) സന്ദർശനം<br>• വിവരശേഖരണം<br>• അഭിമുഖം സ്ഥല സന്ദർശനം മുതിർന്ന അവരുമായി ആശയവിനിമയം<br>• ചർച്ചകളിലൂടെ ചിട്ടയായ ക്രോഡീകരണം<br>• ഇന്നത്തെ കാലഘട്ടവുമായി താരതമ്യം ചെയ്ത് രചന പൂർത്തിയാക്കുന്നു<br>• സമൂഹമാധ്യമങ്ങളിലൂടെ കണ്ടെത്തലുകൾ വിനിമയം ചെയ്യുന്നു | ചരിത്രരചനയിൽ താല്പര്യം ജനിപ്പിക്കുക രേഖപ്പെടുത്തലുകളിൽ ശാസ്ത്രീയത ഉറപ്പുവരുത്തുക | രണ്ട് മാസം നീണ്ടുനിൽക്കുന്ന പ്രവർത്തനം ( പല ഘട്ടങ്ങളിലൂടെ ) | സമൂഹം പ്രാദേശിക വാസികൾ സമൂഹമാധ്യമങ്ങൾ |
| 4. | പ്രാദേശിക വിഭവ സംരക്ഷണം | • വ്യത്യസ്ത കാലാവസ്ഥ മേഖലകളും അവിടത്തെ മനുഷ്യജീവിതവും<br>• വീഡിയോ വായനാ സാമഗ്രികൾ ചർച്ച)<br>• കുറിപ്പുകൾ തയ്യാറാക്കുന്നു | മനുഷ്യനും പ്രകൃതിയും മനുഷ്യനും സമൂഹവും തമ്മിലുള്ള പാരസ്പര്യം കണ്ടെത്തുക | 18 മണിക്കൂർ | |

| | | | | |
|---|---|---|---|---|
| ഭൂപട വായന,<br>ഭൂപട രചന | • വിവിധ ഭൂപടങ്ങളുടെ പ്രദർശനം.<br>• നിത്യജീവിതത്തിൽ ഭൂപടങ്ങൾ ഉപയോഗിക്കുന്നവരെ തിരിച്ചറിയുക.<br>• ഭൂപടം രൂപപ്പെടുത്തൽ നാൾവഴിയിലൂടെ (വീഡിയോ ചർച്ച).<br>• ഭൂപടത്തിലെ സാധ്യതകൾ വിവിധ മേഖലകളിൽ (ചർച്ച). | ഭൂപടങ്ങളെ തിരിച്ചറിയുന്നതിനും ഭൂപട വായനയ്ക്കുള്ള ശേഷി വികസിപ്പിക്കുന്നതിനും | 20 മണിക്കൂർ | ഭൂപടങ്ങൾ, അറ്റ്ലസ്, സ്മാർട്ട് ക്ലാസ് റൂം |
| ദിക്കുകൾ തിരിച്ചറിയുക,<br>പ്രാദേശിക ഭൂപട രചന | • രേഖാചിത്രവും പ്ലാനും താരതമ്യം ചെയ്യൽ.<br>• രേഖാചിത്രം സ്വന്തമായി തയ്യാറാക്കൽ. | ദിക്കുകൾ തിരിച്ചറിയുക. | 10 മണിക്കൂർ | പ്ലാനുകൾ, രേഖാചിത്രം, BRC, PTA |
| ചരിത്ര ശേഷിപ്പുകൾ | • ചിത്ര ശേഖരണം, സ്റ്റാമ്പ് ശേഖരണം, നാണയ ശേഖരണം, പ്രദർശനം.<br>• പഴയ ഉപകരണങ്ങളുടെ ശേഖരണം, പ്രദർശനം.<br>• എസ്. എസ്. ലാബ് വിപുലപ്പെടുത്തൽ. | സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ചരിത്ര ശേഷിപ്പുകൾ പ്രാധാന്യം നൽകി തിരിച്ചറിയുന്നതിന്. | ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനം | രക്ഷാകർത്താക്കളുടെ പന്തുണ |
| കേരളത്തിലെ ഭൂപ്രകൃതിയും ജൈവ വൈവിധ്യവും | • ഭൂപ്രകൃതിയും ജൈവ വൈവിധ്യവും നേരിട്ട് തിരിച്ചറിയുന്നതിന്.<br>• പശ്ചിമഘട്ടത്തിലേക്ക് പഠനയാത്ര.<br>• ജൈവസമ്പത്ത് നേരിട്ട് അറിയുന്നതിനും രേഖപ്പെടുത്തുന്നതിനും സഹായിക്കുന്നു. | ഭൂപ്രകൃതി മേഖലകളെ തിരിച്ചറിയുക. | അനുകൂലമായ കാലാവസ്ഥയിൽ പ്ലാൻ ചെയ്യുക. | പി.ടി.എ, സ്റ്റാഫ്, വാഹനം, ധനം |
| കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ക്വിസ് മത്സരം. | | | | |
| പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുക. ഗ്രാമസഭ കൂടുന്നത് കാണുന്നതിനുള്ള അവസരം. ഫീൽഡ് ട്രിപ്പ് സ്വാതന്ത്ര്യസമര സേനാനിയെ പരിചയപ്പെടുത്തൽ (വിമുക്ത ഭടന്മാർ etc...) | ജനകീയ പ്രവർത്തനങ്ങൾ നേരിട്ട് അനുഭവിക്കാൻ അവസരം | | | |